കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.അഗസ്റ്റിൻ വി.പി., ഹെഡ് അക്കൗണ്ടന്റ്, വാഴക്കുളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, എറണാകുളം ഫയൽ ചെയ്ത OA-1661/2016-ലെ അന്തിമ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1160/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 15.04.2017.

---

പരാമർശം:

1) ഗ്രാമവികസന കമ്മീഷണറുടെ 22.07.2016-ലെ 6583/ എസ്റ്റാ.സി3/2012/ സിആർഡി നമ്പർ നടപടിക്രമം

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1661/2016-മേലുള്ള 05.01.2017-ലെ അന്തിമ ഉത്തരവ്.

3) ശ്രീ.അഗസ്റ്റിൻ വി.പി., ഹെഡ് അക്കൗണ്ടന്റ്, വാഴക്കുളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, എറണാകുളം സമർപ്പിച്ച 21.01.2017-ലെ നിവേദനം

4) ഗ്രാമവികസന കമ്മീഷണറുടെ 17.03.2017-ലെ 13627/എസ്റ്റാ.സി3/2016/ സിആർഡി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് ഓഫീസിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അഗസ്റ്റിൻ വി.പി.-യെ പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ താനൂർ ബ്ലോക്കിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ.അഗസ്റ്റിൻ വി.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ആദ്യ എതിർകക്ഷി സർക്കാർ ആയി ഫയൽ ചെയ്ത OA-1661/2016-മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവായി.

**"Since these are matters for the respondents to consider, I direct the applicant to file an appropriate representation before the first respondent within a period of three weeks from today requesting for retention in his present station at Vazhakkulam. If such a representation is received by the first respondent, the same shall be considered after affording an opportunity of being heard to the applicant and any other affected persons and appropriate orders shall be passed thereon within a period of three months from the date of receipt of the said representation.**

**Since the applicant is now continuing at Vazhakkulam on the basis of the interim order of this Tribunal and since the third respondent has been accommodated and the vacancy at Thanoor also is filled up, the interim order dated 25/07/2016 will continue to be**

**in force for a further period of one week after the orders on the representation is communicated to the applicant".**

2) ശ്രീ.അഗസ്റ്റിൻ വി..പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1661/2016-മേലുള്ള 05.01.2017-ലെ ഉത്തരവിന്റെയടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.അഗസ്റ്റിനെ 07/04/2017-ന് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. ഗ്രാമവികസന കമ്മീഷണേറ്റിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനും ഹിയറിംഗിൽ പങ്കെടുത്തു.

4) ശ്രീ.അഗസ്റ്റിന്റെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് താനൂരിലേയ്ക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്യണമെന്നും, വാഴക്കുളത്ത് തുടരാൻ അനുവദിക്കണമെന്നും ഹിയറിംഗ് വേളയിൽ ടിയാൻ ആവശ്യപ്പെട്ടു. ശ്രീ.അഗസ്റ്റിന്റെ സ്ഥലംമാറ്റം സ്റ്റേ ചെയ്തതിനാൽ വാഴക്കുളത്ത് നിയമിച്ച ഷേഹിയ്ക്ക് ജോയിൻ ചെയ്യാൻ കഴിഞ്ഞില്ലായെന്നും ടിയാനെ പിന്നീട് വേറെ സ്ഥലത്ത് മാറ്റിനിയമിക്കുകയും താനൂർ ബ്ലോക്കിൽ ഹെഡ് ക്ലാർക്ക് തസ്തിക ഒഴിഞ്ഞു കിടന്നതിനാൽ ആലത്തൂരിലെ ഹെഡ് അക്കൗണ്ടന്റ് ആയ ശ്രീ.സുജീഷിനെ താനൂരിൽ നിയമിച്ചെങ്കിലും ടിയാനും കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണെന്നും നിലവിൽ താനൂർ ബ്ലോക്കിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ആളില്ല എന്നും ഗ്രാമവികസന കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥൻ അറിയിച്ചു. കൂടാതെ ശ്രീ.അഗസ്റ്റിൻ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു. ടിയാന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ചോ മെഡിക്കൽ ലീവിനെ സംബന്ധിച്ചോ ഗ്രാമവികസന കമ്മീഷണറേറ്റിൽ യാതൊരു വിവരവും ലഭ്യമല്ലായെന്നും ഗ്രാമവികസന കമ്മീഷണറുടെ പ്രതിനിധി അറിയിച്ചു.

5) അപേക്ഷകന്റെ 21.01.2017-ലെ അപേക്ഷയും, ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടും, ടിയാളെ നേരിൽ കേട്ടതിൽ നിന്നും ലഭ്യമായ വിവരങ്ങളും വിശദമായി പരിശോധിക്കുകയുണ്ടായി. താനൂർ ബ്ലോക്കിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിലവിൽ ആളില്ലാത്തതിനാൽ ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.അഗസ്റ്റിനെ താനൂരിലേയ്ക്ക് ജോയിൻ ചെയ്യാൻ നിർദ്ദേശിക്കാവുന്നതും ടിയാന്റെ ആരോഗ്യസ്ഥിതി പരിഗണിച്ചും റിട്ടയർമെന്റിന് അധികം നാളില്ലയെന്നത് പരിഗണിച്ചും 2017-ലെ ജനറൽ ട്രാൻസ്ഫറിൽ ടിയാൻ അപേക്ഷിച്ചിട്ടുള്ള അങ്കമാലി, കൂവപ്പടി, പാറക്കടവ് എന്നീ സ്ഥലങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിയമനം നൽകുന്ന വിഷയം പരിഗണിക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ശ്രീ.അഗസ്റ്റിൻ വി.പി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1661/2016-ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം**

**അണ്ടർ സെക്രട്ടറി**

ശ്രീ.അഗസ്റ്റിൻ വി.പി., ഹെഡ് അക്കൗണ്ടന്റ്, വാഴക്കുളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, എറണാകുളം (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Beena

സെക്ഷൻ ഓഫീസർ